# ഐ. എസ്.എം മാന്വൽ – യു.പി മലയാളം

2016 – 17 അവധിക്കാല അധ്യാപക പരിശീലനത്തിൽ യു.പി.മലയാളം വിഷയത്തിൽ വായനയുടെ വ്യത്യസ്ത തലങ്ങളും രചനയുടെ ക്രമാനുഗത വളർച്ചയുമാണ് പ്രധാനമായും വിനിമയം ചെയ്തിട്ടുള്ളത്. അതോടൊപ്പം ഇവ ,മുഴുവൻ കുട്ടികൾക്കും ലഭിച്ചു എന്ന് ഉറപ്പാക്കുന്നതിനായുള്ള പിന്തുണാവശ്യങ്ങൾ പരിഗണിച്ചുകൊള്ള സൂക്ഷ്മതലാസൂത്രണത്തിലും ഊന്നൽനൽകി. ഇതിന്റെ ഫലമായുാകുന്ന പഠനനേട്ടങ്ങളുടെ പ്രാഥമിക തെളിവുസാമഗ്രിയായി കുട്ടിയുടെ എഴുത്തു പുസ്തകങ്ങളെ എങ്ങനെ വളർത്തിയെടുക്കാം എന്നതും ചർച്ചയ്ക്ക് വിധേയമാക്കി ധാരണയിലെത്തിച്ചേർന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അവധിക്കാല പരിശീലനത്തിൽ വിനിമയം ചെയ്ത ആശയങ്ങൾ | ക്ലാസ്റൂം പ്രതിഫലനങ്ങൾ |
|---|---|
| 1. **ആശയഗ്രഹണവായന** :<br>• ആശയഗ്രഹണവായന ഉറപ്പാക്കാനുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ (വായനാനുഭവം പങ്കുവെക്കൽ , വായിച്ച വസ്തുതകളെ സംഗ്രഹിക്കൽ ,വായനാനുഭവത്തെ ചിത്രീകരിക്കൽ ,നാടകീകരിക്കൽ ,വായനയെ മുൻവായനാനുഭവവുമായി താരതമ്യം ചെയ്യൽ എന്നിവ) നിരന്തരം ഭാഷാക്ലാസിൽ നടക്കേതാണ്.<br>• ആശയനിറവ്,ഭാഷാമികവ്,സാഹിത്യരൂപപരമായ ധാരണകൾ,ഭാഷാപ്രയോഗശേഷി ,മനോഭാവ രൂപീകരണം എന്നിവക്ക് വൈവിധ്യമാർന്ന വായനാനുഭവങ്ങൾ അനിവാര്യമാണ്.<br>• വായന കുട്ടിയുടെ രചനകളുടെ ആഴവും സൗന്ദര്യവും മികവുറ്റതാക്കുന്നു.<br>• വായനയുടെ വിവിധ തലങ്ങൾ കത്തി ഓരോ കുട്ടിയും അതിൽ എവിടെയെത്തി എന്ന് വിലയിരുത്താൻ റൂബ്രിക്സ് വികസിപ്പിക്കാവുന്നതാണ്.(വായനയുടെ വികാസഘട്ടങ്ങളുടെ ക്രമപ്പെടുത്തിയ രേഖകളാണ് റൂബ്രിക്സ്) ഇത് ക്ലാസ്സിനും കുട്ടിക്കും അനുസരിച്ച് ചില ഭേദഗതികളോടെ പരിഗണിക്കാം. നേടേ ലക്ഷ്യ സൂചകമാണ് റൂബ്രിക്സ് പ്രതിനിധാനം ചെയ്യുന്നത്.<br>• ശ്രാവ്യ വായനയും ആശയ ഗ്രഹണത്തെ സ്വാധീനിക്കുന്നു്. അർഥപൂർണമായ പദക്കൂട്ടങ്ങളാക്കി വായിക്കൽ, ഭാവം ഉൾക്കൊ് വായിക്കൽ ,സാഹിത്യരൂപത്തിന്റെയോ വ്യവഹാര രൂപത്തിന്റെയോ പ്രത്യേകത തിരിച്ചറിഞ്ഞ് വായിക്കൽ ചിഹ്നങ്ങൾ പരിഗണിച്ചുകൊള്ള വായന എന്നിവ ശ്രാവ്യവായനയിലൂടെ ഉറപ്പാക്കകേതാണ്. | • വായന കാർഡ് പുറംതാൾപേജ് നിർമ്മാണം – പാഠഭാഗവുമായി ബന്ധപ്പെട്ടപുസ്തകങ്ങൾ വായിച്ച് കുട്ടികൾ തയ്യാറാക്കുന്നത്.<br>• സജീവമായ ക്ലാസ് ലൈബ്രറി – യൂണിറ്റുകൾക്ക് അനുയോജ്യമായ വായനാ സാമഗ്രികൾ സമാഹരിച്ച് രൂപപ്പെടുത്തുന്നു.കുട്ടികളും അധ്യാപികയും പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>• ക്ലാസ് ലൈബ്രറി കാറ്റലോഗ് വായനാകാർഡ് രൂപത്തിൽ കുട്ടികൾ നിർമ്മിക്കുന്നു. എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നു. അടുക്കിവെക്കുന്നു.<br>• സ്കൂൾ അസംബ്ലി, ബാലസഭ, സാഹിത്യവേദി, സ്കൂൾ ആകാശവാണി തുടങ്ങിയവ വൈവിധ്യമാർന്ന ഭാഷാ പ്രവർത്തനങ്ങൾക്കുള്ള സ്വാഭാവിക വേദികളായി മാറുന്നു.<br>• ഒരു ശേഷിയുടെ വികാസത്തിന്റെ വിവിധ ഘട്ടങ്ങൾ തിട്ടപ്പെടുത്താൻ റൂബ്രിക്സ് വികസിപ്പിച്ച് കുട്ടിയുടെ വായനയിലും എഴുത്തിലുമുള്ള മികവുകളും പോരായ്മകളും കത്തുന്നു. വായനയുടെറൂബ്രിക്സ് അധ്യാപികയുടെ കയ്യിലു്.<br>• കുട്ടികൾ സ്വയംവിലയിരുത്താനുള്ള ഒരുപാധിയായി വികസിപ്പിച്ച റൂബ്രിക്സ് പ്രയോജനപ്പെടുത്തുന്നു.<br>• ക്ലാസ് ലൈബ്രറി പ്രയോജനപ്പെടുത്തി വ്യത്യസ്ത സാഹിത്യരൂപങ്ങളുടെ ശ്രാവ്യവായനാ സന്ദർഭങ്ങൾ ക്ലാസിൽ ഒരുക്കുന്നു.<br>• ബാലസഭ , സാഹിത്യവേദി എന്നിവ പ്രയോജനപ്പെടുത്തി വ്യത്യസ്ത തരത്തിലുള്ള വാചിക അവതരണങ്ങൾക്ക് അവസരം നൽകുന്നു.<br>• സ്കൂൾ ആകാശവാണി പോലുള്ള നൂതന ഭാഷ്യ, ശ്രാവ്യ സന്ദർഭങ്ങൾ വിദ്യാലയത്തിലൊരുക്കുന്നു. |
| **2. ആസ്വാദന തലത്തിലുള്ള വായന**:<br>• കൂടുതൽ അർഥതലങ്ങൾ കത്തി വ്യാഖ്യാനുക്കുമ്പോഴാണ് വായന ആസ്വാദ്യകരമാകുന്നത്. ഒരു രചനയെ പലതരത്തിൽ | • വൈവിധ്യമാർന്ന ആവിഷ്കാരങ്ങൾ ( സിനിമ, ചെറുകഥ, ചിത്രങ്ങൾ , നാടകം, കവിത ,..) എന്നിവയെ വ്യാഖ്യാനിക്കുന്നു. |

| | |
|---|---|
| വായിച്ചെടുക്കാനുള്ള അനുഭവങ്ങൾ ക്ലാസ്മുറിയിൽ നൽകേതു്.<br>• ഓരോ ആവിഷ്കാരവും ഒരനുഭവത്തെ ,ആശയത്തെ ,വികാരത്തെ, ജീവിത സംസ്കാരത്തെ തീവ്രമായി ആവിഷ്കരിക്കാനുള്ള ശ്രമമാണ് നടത്തുന്നത്.<br>• ഒരു രചനയെ പലതരത്തിൽ വായിച്ചെടുക്കാനുള്ള അനുഭവങ്ങൾ ഭാഷാക്ലാസിൽ ഉറപ്പാക്കേതു്.<br>• ഇപ്രകാരം പല അർഥ തലങ്ങളിലേക്ക ്ഓരോരചനയും വായിച്ചെടുക്കാൻ കഴിയുമ്പോഴാണ് ആ രചനയുടെ ആസ്വാദനം പൂർണമാകുന്നത്.<br>• ഇതുവഴി സ്വന്തം ഭാഷ മൂർച്ചപ്പെടുത്താനും മികച്ച സർഗാവിഷ്കാരങ്ങളിലേക്ക് പ്രവേശിക്കാനും കുട്ടിക്ക് അവസരം ലഭിക്കുകയും ചെയ്യുന്നു. | • വായനയ്ക്കു നൽകിയ രചനയെ മുൻനിർത്തി വ്യത്യസ്ത കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നു .ഒരേ രചനയെ സംബന്ധിച്ച് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. വ്യത്യസ്ത വ്യാഖ്യാനങ്ങളുടെ പ്രസക്തി ചർച്ച ചെയ്യുന്നു.<br>• ക്ലാസ് ലൈബ്രറി പ്രയോജനപ്പെടുത്തൽ – പാഠഭാഗവുമായി ബന്ധപ്പെടുത്താവുന്ന രചനകൾ ക്ലാസ് ലൈബ്രറിയിസൽനിന്നു തെരഞ്ഞെടുക്കുന്നു. ഉള്ളടക്കത്തെ പാഠഭാഗവുമായി താരതമ്യംചെയ്ത് ചർച്ചയിൽ പങ്കെടുക്കുന്നു.<br>• വായനയിൽനിന്ന് ലഭിച്ച ആശയങ്ങളെ വൈവിധ്യമാർന്ന വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുന്നു. നാടകം, ചിത്രം, വർണന, നിശ്ചല ദൃശ്യം<br>• അഞ്ചാംതരത്തിൽ പാത്തുമ്മയുടെ ആട് എന്ന പാഠഭാഗത്തെ നിശ്ചിത ഭാഗങ്ങൾ നിശ്ചല ദൃശ്യമായി അവതരിപ്പിക്കുന്നു. നാടകീകരണം നടത്തുന്നു.<br>• ആറാംക്ലാസിൽ മയന്റെ കൊട്ടാരം എന്ന പാഠഭാഗത്തിലെ ആശയം മൂകാഭിനയത്തിലൂടെ അവതരിപ്പിക്കുന്നു.<br>• ഏഴാംതരത്തിൽ പൂക്കാതിരിക്കാൻ എനിക്കാവതില്ല എന്ന പാഠഭാഗത്തിന്റെ ചൊൽകാഴ്ച<br><br>• വായനാനുഭവം പങ്കുവെക്കൽ<br>• വായിച്ച വസ്തുതകളെ സംഗ്രഹിച്ചു പറയൽ<br>• വായനാനുഭവം വിപുലീകരിക്കൽ<br>• വായനാനുഭവത്തെ ചിത്രീകരിക്കൽ/നാടകീകരിക്കൽ<br>• വായനയെ മുൻവായനാനുഭവവുമായി താരതമ്യം ചെയ്യൽ<br>• കൂടുതൽ അർഥ തലംകത്തെി വ്യാഖ്യാനിക്കൽ<br>• വായനാനുഭവം വിലയിരുത്തൽ<br>• കഥാപാത്രനിരൂപണം നടത്തൽ<br>– ഇത്തരം പ്രവർത്തനങ്ങളിലേക്ക് കുട്ടികൾ നിരന്തരം ഏർപ്പെടുന്നു. |
| **3. അടിസ്ഥാന ഭാഷാശേഷിമുതൽ സർഗാത്മക രചനവരെ** :<br>• ലേഖനം മെച്ചപ്പെടുത്തൽ – കുട്ടിയുടെ രചനകളെ വിശകലനം ചെയ്ത് ലേഖനത്തിലെ പരിമിതികൾ തിരിച്ചറിയാനും പരിഹാര പ്രവർത്തനങ്ങൾ കത്തൊനും സാധിക്കേതു്. കുട്ടികൾക്കും അധ്യാപകനും ഇതിനു സാധിക്കണം. പരസ്പരം വിലയിരുത്തുന്നതിനും സ്വയം വിലയിരുത്തുന്നതിനും ഇതുമൂലം സാധിക്കുന്നു.<br>• വിവിധ വ്യവഹാര രുപങ്ങളുടെ ക്ലാസ്തല വളർച്ച തിട്ടപ്പെടു | • കുട്ടികളുടെ രചനകളെ പരസ്പരം വിലയിരുത്തുന്നു.<br>• സൂചകങ്ങൾ കുട്ടികൾ സ്വയം വികസിപ്പിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ തന്റെ രചനയെയും കൂട്ടുകാരുടെ രചനകളെയും വിശകലനം ചെയ്യുന്നു. മെച്ചങ്ങളും പരിമിതികളും തിരിച്ചറിയുന്നു.<br>• ടീച്ചർ വേർഷൻ പ്രയോജനപ്പെടുത്തി കുട്ടികളുടെ രചനകളിൽ ഇടപെടുന്നു. |

| | |
|---|---|
| ത്തലും പഠനനേട്ടങ്ങളുടെ വളർച്ച ബോധ്യപ്പെടലും<br>• വ്യത്യസ്ത വ്യവഹാര രൂപങ്ങളിലുള്ള രചനകളെ അവയുടെ സവിശേഷതകൾ പരിഗണിച്ച് വിശകലനം ചെയ്യേതു്.<br>• ഇതിനായി കുട്ടികളുടെ തലത്തിൽത്തന്നെ സൂചകങ്ങൾ വികസിപ്പിക്കേതു്.<br>• വായനശക്തിപ്പെടുത്തിക്കൊുമാത്രമേ ലേഖനത്തിലെ പോരായ്മകൾ നികത്താനാവൂ.<br>• ഇതിനായി വിദ്യാലയത്തിലും ക്ലാസ്മുറിയിലും കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊുള്ള പുസ്തകങ്ങൾ സജ്ജമാക്കേതാണ്. | • ക്ലാസ് ലൈബ്രറി ഭാഷാ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നു.<br>• ഏഴാംതരത്തിലെ അശ്വതിയുടെയും ആറിലെ ഓടയിൽനിന്നിലെ ലക്ഷ്മിയുടെയും അവസ്ഥകൾ താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുന്നു.കഥാപാത്ര നിരൂപണം നടത്തുന്നു.<br>• അഞ്ചാംതരത്തിലെ പാത്തുമ്മയുടെ ആട് – കഥാപാത്രനിരൂപണം നടത്തുന്നു. സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു.<br>• പ്രക്രിയയുടെ തെളിവുകൾ ടീച്ചിംഗ് മാന്വലിൽ ദൃശ്യമാകുന്നു,<br>• അളകനന്ദയിലെ വെള്ളാരം കല്ലുകൾ എന്ന പാഠത്തെ അടിസ്ഥാനപ്പെടുത്തി ആസ്വാദനപക്കുറിപ്പ്.<br>• പൂക്കാതിരിക്കാനെനിക്കാവതില്ല എന്ന കവിതയെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കൽ<br>• |
| **4.കുട്ടിയുടെ നോട്ടുപുസ്തകം**<br>• കുട്ടിയുടെ ഒരു പ്രധാന പഠനരേഖയാണ് നോട്ടുബുക്ക്. അതുകൊുതന്നെ ചിട്ടയായ ഒരു ഉപയോഗരീതി ഉാക്കിയെടുക്കാൻ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേതാണ്.<br>• ക്ലാസ്മുറിയിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഉള്ളടക്കവും അതിലെത്തിച്ചേർന്ന പ്രക്രിയകളും ഉൾക്കൊള്ളുന്നതും കുട്ടിയുടെ പഠനപുരോഗതി ദൃശ്യമാകുന്നതുമായിരിക്കണം നോട്ടുപുസ്തകം. | • നോട്ടുപുസ്തകം പഠനനേട്ടങ്ങളുടെ നേർത്തെളിവായി പരിഗണിക്കുന്നു<br>• ക്ലാസിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ പ്രക്രിയകൾ , ധാരണകൾ എന്നിവ നോട്ടുപുസ്തകത്തിൽ കാണുന്നു.<br>• പോർട്ടുഫോളിയോകളുടെ അടിസ്ഥാന രചനകൾ നോട്ടുബുക്കിൽ കാണുന്നു<br>• ഒരു പ്രവർത്തനത്തിൽ ഏർപ്പെടുന്നതിന്റെ പ്രാഥമിക രചനകളും എഡിറ്റ് ചെയ്ത രചനയും നോട്ടുബുക്കിൽ ഉാകുന്നു. കുട്ടിയുടെ ഭാഷാപഠന വളർച്ച നോട്ടുബുക്കിൽ പ്രതിഫലിക്കുന്നു. |

## ട്രൈ ഔട്ട്

1. എല്ലാ ക്ലാസിലും പാഠ്യപദ്ധതിക്കും ക്ലാസ് നിലവാരത്തിനും യോജിച്ച ക്ലാസ് ലൈബ്രറി വികസിപ്പിക്കുന്നു.
2. നോട്ടുപുസ്തകം കുട്ടിയുടെ പ്രധാന പഠനത്തെളിവ്
3. ലേഖനം ,വായന എന്നിവയിൽ റൂബ്രിക്സ് ഉപയോഗിച്ച് പഠനപിന്തുണ നൽകാനുള്ള പ്രവർത്തന പദ്ധതി